# Report on the Coastal Protection Cleaning Drive
# NSS Unit: 53 & 95
# MES Asmabi College, P. Vemballur

Programme Name: Cleaning Drive for Coastal Protection
Date: August 17, 2024
Venue: Munakkal Beach, Azheekode

The cleaning drive for coastal protection, a significant initiative towards preserving our environment, was inaugurated by E. T. Taison Master, Honorable MLA of Kaipamangalam. The programme was graced by the presence of Arjun Pandyan IAS, the esteemed Collector of Thrissur. The cleaning drive, part of a broader initiative involving the Block members of the coastal areas, aimed at cleaning the beaches across seven Panchayaths in the region. Volunteers from the National Service Scheme (NSS) Units 95 & 53 of MES Asmabi College, P. Vemballur, played a crucial role in the success of this initiative. With great enthusiasm and dedication, the volunteers cleaned the Munakkal Beach, making a visible impact on the environment.








പ്രിയമുള്ളവരെ ...

മതിലകം ബ്ലോക്ക്പഞ്ചായത്തിലെ ആറ് തീരദേശ ബ്ലോക്ക്മെമ്പർമാരുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന തനത് തീരദേശ പദ്ധതിയാണ് തീരസുരക്ഷ പദ്ധതി. സമഗ്രമായ കാഴ്ച്ചപാട് മുന്നോട്ട് വെക്കുന്ന ഈ പദ്ധതിയിൽ പരിസ്ഥിതി സംരംക്ഷണം, സുരക്ഷാ ക്രമീകരണങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, ഗവേഷണ പഠന പരിപാടികൾ, സംവാദ സദസ്സുകൾ, തൊഴിൽ മേളകൾ, സംരംഭകത്വ പ്രോത്സാഹന പരിപാടികൾ, സംഘകൃഷി, മത്സ്യ വിപണന സൗകര്യങ്ങൾ, പച്ചതുരുത്തുകൾ, ഔഷധതോട്ടങ്ങൾ എന്നിങ്ങനെ നിരവധിയായ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത്.

മാലിന്യമുക്തമായ നവകേരളം കെട്ടിപ്പടക്കുന്നതിനുള്ള ശ്രമം കേരളം ഒറ്റക്കെട്ടായി ഏറ്റെടുത്ത് നടത്തിക്കൊണ്ടിരിക്കുകയാണല്ലൊ ഈ പശ്ചാത്തലത്തിൽ തീരസുരക്ഷ പദ്ധതിയുടെ ഏറ്റവും ആദ്യഘട്ടത്തിൽ തന്നെ പരിസ്ഥിതി സംരക്ഷണത്തിലൂന്നി ഏഴ് പഞ്ചായത്തുകളുടെയും ബീച്ചുകൾ ശുചീകരിച്ച് സൂക്ഷിക്കുന്നത് മുഖ്യചുമതലയായ് നമ്മൾ ഏറ്റെടുക്കുകയാണ്.

എറിയാട് ഗ്രാമപഞ്ചായത്തിലുള്ള അഴീക്കോട് മുനക്കൽ ബീച്ചിൽ നിന്നാണ് ശുചീകരണ പരിപാടി സമാരംഭിക്കുന്നത്. കൈപ്പമംഗലം എം.എൽ.എ. ഇ.ടി. ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്ന ഈ പരിപാടിയിലേക്ക് തൃശ്ശൂർ ജില്ലയുടെ ആദരണീയനായ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ മുഖ്യാതിഥിയായ് എത്തിച്ചേരുകയാണ്

ഹരിത കേരളം മിഷൻ, നാഷ്ണൽ സർവീസ് സ്കീം കൊടുങ്ങല്ലൂർ ക്ലസ്റ്റർ, തൃശൂർ ജില്ലാ ടൂറിസം ഡവലപ്പ്മെന്റ് സൊസൈറ്റി, (കൊടുങ്ങല്ലൂർ) എന്നിവരുടെ സഹകരണത്തോടെ യാണ് ശുചീകരണപ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. തീരസുരക്ഷ പദ്ധതിക്ക് പിന്തുണ നൽകുന്ന ഫിഷറീസ് വകുപ്പ്, ജില്ല ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, മുസിരിസ് പൈതൃക പദ്ധതി, എന്നീ സംവിധാന ങ്ങളെല്ലാം നമുക്കൊപ്പമുണ്ട്. ശുചീകരണ പരിപാടി വൻവിജയമാക്കുന്നതിന് മുഴുവൻ ജനങ്ങളുടെയും സഹായസഹകരണം ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. നിങ്ങളേവരേയും ആഗസ്റ്റ് 17 ന് അഴീക്കോട് മുനയ്ക്കൽ ബീച്ചിൽ നടക്കുന്ന ഉദ്ഘാടന പരിപാടികളിലേക്ക് സ്നേഹാദരപൂർവ്വം ക്ഷണിക്കുന്നു.

അഭിവാദനങ്ങളോടെ
സംഘാടക സമിതിക്ക് വേണ്ടി

കെ.എ. ഹസ്ഫൽ
ചെയർമാൻ

നൗഷാദ് കറുകപ്പാടത്ത്
കൺവീനർ
(മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗം)

ആർ.കെ. ബേബി
ജനറൽ കോഡിനേറ്റർ
(മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗം)

അഡ്വ.അഷറഫ് സാബാൻ
ട്രഷറർ

ശോഭന ശാർങ്ങധരൻ
(മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗം)

വി.എസ്.ജിനീഷ്
(മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗം)

ഹഫ്സ ഒഫൂർ
(മതിലകം ബ്ലോക്ക് പഞ്ചായത്ത് അംഗം)

## ശുചീകരണ പരിപാടികളുടെ സഹസംഘാടകർ

ഹരിത കേരളം മിഷൻ

തൃശൂർ ഡിസ്ട്രിക്ട് ടൂറിസം ഡെവലപ്മെന്റ് സൊസൈറ്റി (കൊടുങ്ങല്ലൂർ)

നാഷണൽ സർവീസ് സ്കീം (കൊടുങ്ങല്ലൂർ ക്ലസ്റ്റർ)






LAKSHMI


GEORGE


തീരസുരക്ഷ

